**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 528** **23-02-2022 - ൽ മറുപടിയ്ക്ക്**

**പാനൂരിൽ പുതിയ സ്റ്റാമ്പ് വെണ്ടർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര സ്റ്റാമ്പ് വെണ്ടർമാരാണുള്ളത്; സ്റ്റാമ്പ്, മുദ്രപത്രം, വെണ്ടർ ലൈസൻസ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | അഞ്ച് ; ജില്ലാ കളക്ടർ അദ്ധ്യക്ഷനായും, ജില്ലാ രജിസ്ട്രാർ (ജനറൽ), ജില്ലാ ട്രഷറി ഓഫീസർ എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റിയാണ് വെണ്ടർമാരെ നിയമിക്കുന്നത്. രണ്ട് സ്റ്റാമ്പ് വെണ്ടർമാരുടെ ഓഫീസുകൾ തമ്മിലുള്ള ഏറ്റവും കുറഞ്ഞ ദൂരം കോർപ്പറേഷൻ പ്രദേശം രണ്ട് കിലോമീറ്റർ, മുൻസിപ്പാലിറ്റി പ്രദേശം നാല് കിലോമീറ്റർ പഞ്ചായത്ത് പ്രദേശം എട്ട് കിലോമീറ്റർ എന്നിങ്ങനെയാണ്. സംസ്ഥാനത്ത് എവിടെയെങ്കിലും സ്റ്റാമ്പ് വെണ്ടർ ലൈസൻസോ ആധാരമെഴുത്ത് ലൈസൻസോ ഉള്ളവർക്ക് സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല. ഒഴിവ് വിജ്ഞാപനം നടത്തുന്ന വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയാകാത്തവർക്കും, 60 വയസ്സ് പൂർത്തിയായവർക്കും, എസ്.എസ്.എൽ.സി. -യോ തത്തുല്യ പരീക്ഷയോ ജയിക്കാത്തവർക്കും സ്റ്റാമ്പ് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയില്ല. |
| (ബി) | രണ്ട് സബ് രജിസ്ട്രാർ ഓഫീസ് ഉൾപ്പെടെ നിരവധി സർക്കാർ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന പാനൂർ മേഖലയിൽ സ്റ്റാമ്പ് വെണ്ടർമാരില്ലാത്തതിനാൽ പൊതുജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (ബി) | പാനൂർ സബ് ട്രഷറിയുടെ കീഴിൽ മൂന്ന് സ്റ്റാമ്പ് വെണ്ടർ തസ്തികകളാണുള്ളതെങ്കിലും രണ്ടു സ്റ്റാമ്പ് വെണ്ടർമാരുടെ നിര്യാണത്തെ തുടർന്ന് നിലവിൽ ഒരു സ്റ്റാമ്പ് വെണ്ടർ മാത്രമാണ് ഉള്ളത്. എന്നിരുന്നാലും മുദ്രയും, മുദ്രപ്പത്ര ലഭ്യതക്കുറവുമായി ബന്ധപ്പെട്ട് പരാതികളൊന്നും ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ഇ-സ്റ്റാമ്പിങ് പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ നിലവിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് നൽകുന്നില്ല. |
| (സി) | ഈ വർഷം തന്നെ പാനൂരിൽ പുതിയ സ്റ്റാമ്പ് വെണ്ടറെ നിയോഗിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | പാനൂർ സബ് ട്രഷറിയുടെ കീഴിൽ മൂന്ന് സ്റ്റാമ്പ് വെണ്ടർ തസ്തികകളാണുള്ളതെങ്കിലും രണ്ടു സ്റ്റാമ്പ് |

| | | | |
|---|---|---|---|
| | വ്യക്തമാക്കാമോ? | | വെണ്ടർമാരുടെ നിര്യാണത്തെ തുടർന്ന് നിലവിൽ ഒരു സ്റ്റാമ്പ് വെണ്ടർ മാത്രമാണ് ഉള്ളത്. എന്നിരുന്നാലും മുദ്രയും, മുദ്രപ്പത്ര ലഭ്യതക്കുറവുമായി ബന്ധപ്പെട്ട് പരാതികളൊന്നും ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ഇ-സ്റ്റാമ്പിങ് പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഈ സാഹചര്യത്തിൽ നിലവിൽ പുതിയ സ്റ്റാമ്പ് വെണ്ടർ ലൈസൻസ് നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ